ശാനവാസ് കൊല്ലം

# ആത്മീയത മനുഷ്യ സത്തയുടെ നിർവചനം

**ശരീരാതീതമായ ഒരു സത്തയുടെ സാന്നിധ്യം എല്ലാ ശരീരവും അനുഭവിക്കുന്നുണ്ട്. ഭക്ഷണമൂട്ടി മാറ്റാനാവാത്ത ഒരു വിശപ്പ്, വെള്ളം നൽകി ശമിപ്പിക്കാനാവാത്ത ഒരു ദാഹം ഓരോരുത്തരും അനുഭവിക്കുന്നു. അതിന്റെ ഉറവിടം കണ്ടെത്താനോ സ്വന്തം നിലയിൽ അത് പരിഹരിക്കാനോ മനുഷ്യൻ അശക്തനാകുന്നു. ആത്മശാന്തിക്കായി ഒരതീത ലോകത്തേക്ക് ഉറ്റുനോക്കുന്നതും യഥാർഥമോ സാങ്കൽപികമോ ആയ ഒരതീത ശക്തിയിൽ അഭയം തേടുന്നതും എല്ലാ സമൂഹങ്ങളിലും കാണാം.**

**താനുമായി** ബന്ധപ്പെട്ടത് എന്നാണ് ആത്മീയത എന്നതിന്റെ അർഥം. ഭൗതികത എന്നതിന്റെ വിപരീതമായിട്ടാണ് അത് ഉപയോഗിക്കപ്പെടുന്നത്. ഭൗതിക ശരീരത്തിനുപരിയായ ഒരു വ്യക്തിസത്ത എന്ന ആശയമാണത് സൂചിപ്പിക്കുന്നത്. നാം കണ്ണാടിയിൽ കാണുന്നതിനുപരി ഒരു വ്യക്തിയെ അത് തേടുന്നു. തന്റെ അദൃശ്യ സത്തയെ നിരന്തരം പ്രഖ്യാപിച്ചുകൊണ്ട് ഇക്കാണുന്നതല്ല താൻ എന്ന് മനുഷ്യൻ സ്വയം പറയുകയാണ്. ഇതിനുപരി മറ്റെന്തോ ആണ് താൻ എന്നവന് തോന്നുന്നു. എന്നാൽ അതെന്താണെന്ന് കൃത്യമായി അറിയുകയുമില്ല. 'Man the unknown' എന്നാണ് അലക്സിസ് കാറലിന്റെ പുസ്തകത്തിന്റെ പേര്. പുറം കാഴ്ചകൊണ്ട് മനുഷ്യനെ വിലയിരുത്താനാവില്ല എന്നർഥം.

ഖുർആൻ ഈ ധാരണയെ ശരിവെക്കുന്നു: 'അവർ ആത്മാവിനെക്കുറിച്ച് താങ്കളോടു ചോദിക്കുന്നു: പറയുക: ആത്മാവ് എന്റെ നാഥന്റെ (അറിവിൽപെട്ട) കാര്യമാണ്. നിങ്ങൾക്ക് കിട്ടിയിരിക്കുന്ന ജ്ഞാനം വളരെ പരിമിതമാണ്' (17:85). തന്റെ യാഥാർഥ്യത്തെക്കുറിച്ച് തനിക്ക് വേണ്ടത്ര അറിവില്ല എന്നു വന്നു. ശരീരാതീതമായ ഒരു സത്തയുടെ സാന്നിധ്യം എല്ലാ ശരീരവും അനുഭവിക്കുന്നുണ്ട്. ഭക്ഷണമൂട്ടി മാറ്റാനാവാത്ത ഒരു വിശപ്പ്, വെള്ളം നൽകി ശമിപ്പിക്കാനാവാത്ത ഒരു ദാഹം ഓരോരുത്തരും അനുഭവിക്കുന്നു. അതിന്റെ ഉറവിടം കണ്ടെത്താനോ സ്വന്തം നിലയിൽ അത് പരിഹരിക്കാനോ മനുഷ്യൻ അശക്തനാകുന്നു. ആത്മശാന്തിക്കായി ഒരതീത ലോകത്തേക്ക് ഉറ്റുനോക്കുന്നതും യഥാർഥമോ സാങ്കൽപികമോ ആയ ഒരതീത ശക്തിയിൽ അഭയം തേടുന്നതും എല്ലാ സമൂഹങ്ങളിലും കാണാം. ബ്ലൂട്ടാർക്ക് പറയുന്നു: 'കോട്ടകളോ കൊട്ടാരങ്ങളോ പാഠശാലകളോ ഇല്ലാത്ത നഗരങ്ങളെ ചരിത്രത്തിൽ കാണാവുന്നതാണ്. പക്ഷേ ആരാധനാലയമില്ലാത്ത ഒറ്റ നഗരം പോലും കണ്ടെത്താൻ കഴിയില്ല.'

അഖ്ഖാദ് പറയുന്നു: 'ചരിത്രത്തിന്റെ എല്ലാ പ്രയാണ വഴിയിലും മതവിശ്വാസത്തിന്റെ കാൽപാടുകൾ നമുക്കു കാണാനാവും. വ്യക്തിക്കും സമൂഹത്തിനും മതമുക്തമാകാൻ കഴിയും എന്ന് ആരെങ്കിലും വാദിക്കുമെന്ന് തോന്നുന്നില്ല. ലോകത്ത് ഇത്രയധികം മതങ്ങളും ആധ്യാത്മിക ദർശനങ്ങളും കാണപ്പെടുന്നതിന്റെ കാരണവും മറ്റൊന്നല്ല.'

മനുഷ്യൻ ദൈവത്തിന്റെ സൃഷ്ടി എന്ന നിലയിൽ ചിന്തിക്കുമ്പോൾ ഈ വിഷയത്തിൽ നമുക്ക് കുറച്ചുകൂടി വ്യക്തത ലഭിക്കും. അല്ലാഹുവിന്റെ പ്രത്യേക ജ്ഞാനത്തിലും, ഉടമസ്ഥതയിലുംപെട്ട കാര്യമാണ് ആത്മാവ്. 'തന്റെ ആത്മാവിനെ അവൻ മനുഷ്യനിൽ ഊതി' (32:9), ആത്മാവ് എന്റെ നാഥന്റെ (അറിവിൽപെട്ട) കാര്യമാണ് (17:85). അതിനാൽ ആത്മാവിനെ കൈകാര്യം ചെയ്യാനുള്ള ബാധ്യത അല്ലാഹു സ്വയം ഏറ്റെടുക്കുകയും അതിനുള്ള സംവിധാനങ്ങൾ അവൻ നേരിട്ട് ഏർപ്പെടുത്തുകയും ചെയ്തു: 'മനുഷ്യന് വഴികാണിക്കാനുള്ള ബാധ്യത നമുക്കുണ്ട്'(92: 12). 'ദൈവേതരരെ വെടിഞ്ഞ്, അല്ലാഹുവിനെ മാത്രം മാനിച്ചുകൊണ്ട് ജീവിതം കെട്ടിപ്പടുക്കണം എന്ന സന്ദേശം നൽകാൻവേണ്ടി എല്ലാ സമൂഹങ്ങളിലേക്കും നാം ദൂതന്മാരെ അയച്ചിട്ടുണ്ട്'(16:36).

### ആത്മാവ്, ശരീരം, ജീവൻ

മനുഷ്യനെക്കുറിച്ച് പറയുമ്പോൾ ഈ മൂന്നു കാര്യങ്ങൾ കണക്കിലെടുക്കണം. പഞ്ചഭൂതനിർമിതം എന്ന് പുരാതനകാലം മുതൽ പറഞ്ഞുവരാറുള്ള ശരീരം, പ്രകൃതിയിൽ കാണുന്ന മൂലകങ്ങളാൽ നിർമിതമാണ്. ഈ ശരീരം പ്രവർത്തിക്കുന്നു എന്നതാണ് ജീവനുണ്ട് എന്നതിന്റെ തെളിവ്. അഥവാ, ജീവൻ എ

ന്നത് പദാർഥ നിർമിതമായ ശരീരത്തിന്റെ പ്രവർത്തന ശേഷിയെ സൂചിപ്പിക്കുന്നു. പദാർഥവും ചലനവും നമുക്ക് അറിയാൻ കഴിയും. അവ ഇന്ദ്രിയവേദ്യമാണ്. ഇത് മനുഷ്യനു മാത്രമുള്ള സവിശേഷതയല്ല. സൂക്ഷ്മവും സ്ഥൂലവുമായ എല്ലാ ജീവ ജാലങ്ങൾക്കും ഈ പൊതു പ്രത്യേകത യുണ്ട്. മനുഷ്യനെ വ്യതിരിക്തനാക്കുന്നത് എന്ത് എന്ന ചോദ്യത്തെ അഭിമുഖീകരിക്കുമ്പോഴാണ് നമുക്ക് ആത്മാവിനെക്കുറിച്ച് പറയേണ്ടിവരുന്നത്. ആത്മാവിനെ മുൻനിർത്തി മനുഷ്യനെ നിർവചിക്കാനാണ് നാം ശ്രമിക്കുന്നത്. 'നിന്റെ നാഥൻ മാലാഖമാരോട് പറഞ്ഞതോർക്കുക: 'ഞാൻ, മുട്ടിയാൽ മുഴങ്ങുന്ന, ഗന്ധമുള്ള, കറുത്ത കളിമണ്ണിൽ നിന്ന് ഒരു മനുഷ്യനെ സൃഷ്ടിക്കുന്നുണ്ട്. അത് പൂർത്തീകരിക്കുകയും എന്റെ (പക്കലുള്ള) ആത്മാവിനെ അതിൽ ഊതുകയും ചെയ്താൽ നിങ്ങളെല്ലാം അതിന്റെ മുമ്പിൽ പ്രണാമത്തിൽ വീഴണം' (15: 28, 29).

ആത്മാവിന്റെ അസാന്നിധ്യത്തിൽ മനുഷ്യൻ കേവല പദാർഥമാണ്. അതിന് ജീവൻ ഉണ്ടായെന്നും വരാം. പക്ഷേ നാഗരികതയോ സംസ്കാരമോ സൃഷ്ടിക്കാനാവാത്ത ഒരു കേവല ജന്തു മാത്രമായിത്തീരും. ജീവശാസ്ത്രപരമായി വ്യാഖ്യാനിക്കാവുന്ന ഭൗതിക പരിണാമ പ്രക്രിയയിലൂടെ ഉരുത്തിരിഞ്ഞു വന്നതാണ് മനുഷ്യ സവിശേഷതകൾ എന്ന വാദത്തെ ഖുർആൻ നിരാകരിക്കുന്നു. മറിച്ച്, ആദി മനുഷ്യൻ മുതൽ, മനുഷ്യനെ വ്യതിരിക്തനാക്കുന്ന ജീവശാസ്ത്രപരമായി വ്യാഖ്യാനിക്കാനാവാത്ത ഒരാത്മാവിനെ വഹിച്ചിരുന്നുവെന്ന് ഖുർആൻ വ്യക്തമാക്കുന്നു.

ഇവിടെ ആത്മാവിന്റെ പ്രാമുഖ്യം കൂടി ഊന്നിപ്പറയണം. അന്ത്യനാൾ വരെ വരാനിരിക്കുന്ന മനുഷ്യരുടെ ആത്മാക്കളെയെല്ലാം *ആലമുൽ അർവാഹിൽ* (ആത്മാക്കളുടെ ലോകം) ഒരുമിച്ചുകൂട്ടി അവരിൽനിന്ന് അല്ലാഹു പ്രതിജ്ഞ വാങ്ങിയതായി ഖുർആൻ പറയുന്നുണ്ട് (7:172). ഓരോ ആത്മാവും ഭൂമിയിൽ എത്തേണ്ട സമയം വരുമ്പോൾ, മാതാവിന്റെ ഗർഭാശയത്തിൽ രൂപംകൊള്ളുന്ന ശരീരമെന്ന മാധ്യമത്തിലേക്ക് അതിനെ സന്നിവേശിപ്പിച്ച് ഭൂമിയിലേക്ക് അയക്കുകയാണ് ചെയ്യുന്നത്. ഉന്നതമായ ഒരു ലോകത്ത് ദൈവിക മേൽനോട്ടത്തിൽ മാത്രമുള്ള ആത്മാവിനെ ഭൗതിക ശരീരത്തിൽ സന്നിവേശിപ്പിച്ചാണ് ഓരോ മനുഷ്യന്റെയും ജനനം പൂർണമാകുന്നത് എന്നർഥം. '.....പിന്നെ അവന്റെ വംശപരമ്പരയെ നിസ്സാരമായ ഒരു ദ്രാവകത്തിൽ നിന്നാക്കി. എന്നിട്ട് അവനെ സന്തുലിതമാക്കി ശരിപ്പെടുത്തുകയും അതിൽ തന്റെ ആത്മാവ് ഊതുകയും ചെയ്തു' (32: 8,9). വാസ്തവത്തിൽ ഓരോ മനുഷ്യന്റെ പിറവിയും 'ഞാൻ ഭൂമിയിലേക്ക് ഒരു ഖലീഫയെ അയക്കുന്നു' എന്ന പ്രഖ്യാപനത്തിന്റെ പുലർച്ചയാണ്.

**ആത്മശുദ്ധീകരണം ഭൗതികലോകത്തിന്റെ പരിപാലനത്തിനാണ് എന്നു വ്യക്തം. ഈ കർമജീവിതത്തിന്റെ പ്രതിഫലമാണ് സ്വർഗം. വിശ്വാസത്തോടൊപ്പം കർമത്തേയും ചേർത്തുകൊണ്ട് ഖുർആൻ ഈ യാഥാർഥ്യത്തെ നിരന്തരം പ്രഖ്യാപിക്കുന്നുണ്ട്. നാഗരികതക്കും സംസ്കാരത്തിനും ഉപകാരപ്പെടാത്ത അടച്ചിട്ട മുറിയിലെ ആത്മീയ ജാലവിദ്യകൾ, ഭൂമിയിൽ മനുഷ്യൻ നിർവ്വഹിക്കേണ്ട ദൗത്യത്തിന് ഉപകാരപ്പെടുന്നതല്ല.**

എന്നാൽ ശരീരത്തെയും നിസ്സാരമാക്കാനാവില്ല. മനുഷ്യന്റെ ഭൗതിക ശരീരം രൂപത്തിലും ഘടനയിലും പലതുകൊണ്ടും അനുപമവും ശ്രേഷ്ഠവുമാണ്. 'മനുഷ്യനെ നാം ഏറ്റവും നല്ല രൂപഘടനയിൽ സൃഷ്ടിച്ചിരിക്കുന്നു' (*അത്തീൻ* 4). മാത്രമല്ല മനുഷ്യാത്മാവിന്റെ അതിദീർഘമായ പ്രയാണത്തിൽ അതിന്റെ ഭാഗധേയം നിർണയിക്കപ്പെടുന്നത് ഭൗമലോകത്തു വെച്ചാണ്. ആത്മാക്കളുടെ ലോകത്ത് അവയെ ഒരുമിച്ചുകൂട്ടി പ്രതിജ്ഞ വാങ്ങിയതുപോലും ഭൂമിയിലേക്ക് അവ നിയോഗിക്കപ്പെടുന്നതിന്റെ മുന്നോടിയായിട്ടും, ഭൂമിയിൽ കൈക്കൊള്ളേണ്ട പെരുമാറ്റച്ചട്ടം നിർണയിക്കാനുമാണ്. 'ഖലീഫത്തുൻ ഫിൽ അർദ്' (ഭൂമിയിലെ പ്രതിനിധി) എന്നതാണ് അല്ലാഹുവിന്റെയടുക്കൽ മനുഷ്യന്റെ പദവി. 'അവൻ നിങ്ങളെ ഭൂമിയിൽനിന്ന് രൂപപ്പെടുത്തുകയും അതിന്റെ പരിപാലന ചുമതല ഏൽപിക്കുകയും ചെയ്തു' (*ഹൂദ്* 61). മനുഷ്യൻ എന്ന അസ്തിത്വത്തിന് ഈ ഭൗതിക ലോകത്തെയാണ് പരിപാലിക്കേണ്ടത്. വായുവും വെള്ളവും അഗ്നിയും ആകാശവും ഭൂമിയും ചേർന്ന ഈ ലോകത്തെ - ഭൗതികലോകത്തെ- കൈകാര്യം ചെയ്യാൻ അനുയോജ്യമായ ഭൗതിക മാധ്യമം സ്വീകരിക്കൽ ആത്മാവിന് അനിവാര്യമാണ്. അതാണ് ശരീരത്തിന്റെ പ്രാധാന്യം.

ശരീരത്തിന്റെ അഭാവത്തിൽ ആത്മാവ് നിസ്സഹായമാണ്. ലോകത്ത് പ്രവർത്തിക്കാനുള്ള കൈയും കാലും അതിനുണ്ടാവില്ല. ഒരുദാഹരണത്തിലൂടെ വ്യക്തമാക്കാം: ചിത്രരചനാശേഷി ആത്മാവിന്റെ സിദ്ധിയാണ്. അതിനെ ആവിഷ്കരിക്കേണ്ടത് കൈയാണ്. ഇന്നലെ വരെ ചിത്രം വരച്ചുകൊണ്ടിരുന്ന ചിത്രകാരന്റെ കൈ അപകടത്തിൽ തകർന്നു പോവുന്നു എന്നു വിചാരിക്കുക. പിന്നീടയാൾക്ക് ചിത്രം വരക്കാൻ കഴിയാതെ വരുന്നു. ഗാനാലാപന സിദ്ധി ആത്മീയമാണ്. അതിനെ ആവിഷ്കരിക്കേണ്ടത് നാവാണ്. നാവ് തളർന്നുപോവുന്ന സംഗീതജ്ഞന് ഗാനമാലപിക്കാൻ കഴിയാതെ വരുന്നു. ഇതാണ് ശരീരവും ആത്മാവും തമ്മിലുള്ള പാരസ്പര്യത്തിന്റെ പൊതു അവസ്ഥ.

എന്നാൽ ചില വിശേഷ സന്ദർഭങ്ങൾ ചരിത്രത്തിൽ കാണാം. വൈകല്യങ്ങളെ ആത്മീയമായ ഇഛാശക്തിയിലൂടെ തരണം ചെയ്യാൻ ചിലർക്ക് സാധിച്ചെന്നു വരും. സ്റ്റീഫൻ ഹോക്കിംഗ്സിന്റെ ഉദാഹരണമെടുക്കാം. മോട്ടോർ ന്യൂറോൺ രോഗം ബാധിച്ച് ശരീരമാകെ തളർന്ന വ്യക്തിയാണ്. എന്നാൽ സ്വന്തം ഇഛാശക്തിയിലൂടെ, ആത്മീയശേഷിയിലൂടെ നമ്മുടെ കാലത്തെ ഏറ്റവും ശ്രദ്ധേയനായ ഭൗതികശാസ്ത്രജ്ഞനാവാൻ അദ്ദേഹത്തിനു സാധിച്ചു. ബിഥോവൻ തന്റെ വിഖ്യാതമായ സിംഫണിക്ക് രൂപം കൊടുത്തത് ബധിരനായ ശേഷമാണ്. മനുഷ്യനെ സംബന്ധിച്ച് ആത്മീയ മണ്ഡലത്തിന്റെ മുഖ്യതയെ ഇത്തരം ഉദാഹരണങ്ങൾ ബലപ്പെടുത്തുന്നു. എങ്കിലും ഇതൊരു പൊതു അവസ്ഥയായി പരിഗണിച്ചുകൂടാ. വൈകല്യ മുക്തമായ ശരീരവും ആരോഗ്യവും ഖിലാഫത്തിന്റെ പൂർത്തീകരണത്തിന് അഭിലഷണീയവും അനിവാര്യവുമാണ്.

എന്നാൽ ഇവിടെ ഒരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. ശരീരം ഗോചരമാ

ണ്. ഗോചരമായതിനെ കൈകാര്യം ചെയ്യാൻ ഒരുപരിധി വരെ മനുഷ്യന് സാധിക്കും. അതിനാൽ അവിടെയൊരു അതീത ശക്തിയുടെ നേർക്കുനേരെയുള്ള ഇടപെടലിന് പ്രസക്തിയില്ല എന്നു വരും. ഒരു കാര്യം ശ്രദ്ധിച്ചാൽ ഇത് ബോധ്യമാവും. മനശ്ശാന്തിക്കായി ഒരതീത ശക്തിയിലേക്ക് ഉറ്റുനോക്കുന്ന മനുഷ്യൻ, എന്നാൽ ആരോഗ്യപരിപാലന ചികിത്സാരംഗങ്ങളിലും, കാർഷിക- ഉൽപാദന രംഗങ്ങളിലും, ശാസ്ത്ര- സാങ്കേതിക രംഗങ്ങളിലുമൊക്കെ സ്വയം മുന്നോട്ടുപോകാൻ എല്ലാ കാലത്തും ശ്രമിച്ചിരുന്നു. എല്ലാ സമൂഹങ്ങളുടെ ചരിത്രവും അതിന് സാക്ഷിയാണ്. അങ്ങനെ വ്യത്യസ്ത നാഗരികതകളും സംസ്കാരങ്ങളും സൃഷ്ടിക്കപ്പെട്ടത് കാണാം. ഖുർആൻ വിഭാവനം ചെയ്യുന്ന ഖിലാഫത്ത് എന്ന പദവി പോലും വലിയൊരളവിൽ ഈ രംഗങ്ങളിലൊക്കെ സ്വയം പ്രവർത്തനവും കർമ സാധ്യതയും മനുഷ്യന് വാഗ്ദാനം ചെയ്യുന്നു. ഇതായിരുന്നല്ലോ മലക്കുകളുടെ ആശങ്കക്ക് നിദാനവും.

ആത്മാവിനെക്കുറിച്ച ചർച്ചയിലേക്ക് തന്നെ മടങ്ങാം. ആത്മാവ് അഗോചരമാണ്. അഗോചരമായതിനെ കൈകാര്യം ചെയ്യാൻ മനുഷ്യനാവില്ല. മനുഷ്യാതീതമായ ഒരു ശക്തിയാൽ അത് നിർവഹിക്കപ്പെടണം. അല്ലാഹു ആ ബാധ്യത ഏറ്റെടുത്തിരിക്കുന്നു. മനുഷ്യനെ ഭൂമിയിലേക്ക് അയക്കുമ്പോൾ തന്നെ അവൻ അറിയിച്ചു: 'വ്യഥയും ഭയവുമേശാതെ നിങ്ങൾക്ക് ഭൂമിയിൽ ജീവിതം കെട്ടിപ്പടുക്കാൻ ഞാൻ സന്മാർഗം അയച്ചുതരുന്നതാണ്(2:38). "എല്ലാ സമൂഹങ്ങളിലേക്കും നാം ദൂതന്മാരെ അയച്ചു" (16:36). ഉപരിലോകത്തുനിന്ന് -അതീത ലോകത്തുനിന്ന്- ഉള്ള നിയോഗത്തെക്കുറിച്ചും മാർഗ ദർശനത്തെക്കുറിച്ചുമാണ് ഇവിടെ പറയുന്നത്.

കാര്യം കുറച്ചുകൂടി വ്യക്തമാവാൻ ഖിലാഫത്ത് എന്ന പദവിയിലേക്ക് മനുഷ്യൻ എങ്ങനെ തയാറാക്കപ്പെടുന്നു എന്നുകൂടി അറിയണം. പ്രവർത്തന സ്വാതന്ത്ര്യത്തോടെ മനുഷ്യൻ നിയോഗിക്കപ്പെടുന്നു. പ്രവർത്തിക്കാനാവശ്യമായ കൈയും, വികാസക്ഷമമായ ധിഷണയും നൽകപ്പെടുന്നു. ശരിയും തെറ്റും വേർതിരിക്കാനുള്ള മനസ്സാക്ഷി അവനിൽ നിക്ഷേപിക്കുന്നു (91:8). ഇതിൽ രണ്ടിലേതിനെയും ഉൾക്കൊള്ളാനുള്ള ആന്തരിക ശേഷിയും ആത്മാവിൽ സന്നിവേശിപ്പിച്ചിരിക്കുന്നു. ശരിയുടെയും തെറ്റിന്റെയും പ്രേരണകൾ അവന്റെ ചുറ്റുപാടും നിറച്ചു. പിശാചും അവന്റെ പടയാളികളും പ്രവാചകന്മാരും വേദങ്ങളും, ശരി ചെയ്തു മുന്നേറാനുള്ള വഴിയും തെറ്റുചെയ്തു നശിക്കാനുള്ള വഴിയും അവന്റെ മുന്നിൽ തുറന്നിട്ടു. മനുഷ്യനെക്കുറിച്ച ദൈവേഛ എന്തെന്ന് വ്യക്തമാക്കി. തന്റെ പ്രകൃതത്തിലുള്ള ദൈവോന്മുഖത വളർത്തിയെടുത്ത് സത്യത്തിന്റെ നേർപാതയിലൂടെ മുന്നേറുക( 30:30). പ്രവാചകനും വേദവും പറയുന്നതിനെ സ്വാംശീകരിച്ച് ആത്മാവിനെ ശുചിയാക്കുക. താൻ നേടിയ ആത്മവിശുദ്ധിക്കനുരൂപമായി തന്റെ കർമശേഷി വ്യയം ചെയ്യുക. അങ്ങനെ സൗന്ദര്യ പൂർണമായ സംസ്കാര നാഗരികതയും ശാന്തി പൂർണമായ ലോകവും കെട്ടിപ്പടുക്കുക.

ആത്മീയതയോ ഭൗതികതയോ വെവ്വേറെ ചർച്ച ചെയ്യുന്നതിലർഥമില്ല. മനുഷ്യൻ നിർവചിക്കപ്പെടുന്നത് ആത്മാവും ശരീരവും ചേരുമ്പോഴാണ്. ആത്മശുദ്ധീകരണം എത്ര അളവിൽ നടക്കുന്നുവോ, അത്ര അളവിൽ ഭൗതികശുദ്ധീകരണവും നടക്കും. ഒരു നല്ല ലോകം കെട്ടിപ്പടുക്കാനാണ് മനുഷ്യന് കൈയും കാലും. മനുഷ്യൻ ആത്മീയമായി പുരോഗമിക്കുന്നു എന്നതിന്റെ അർഥം കൂടുതൽ സുന്ദരമായി ലോകം കെട്ടിപ്പടുക്കാൻ പഠിക്കുന്നു എന്നാണ്. ആത്മശുദ്ധീകരണം ഭൗതികലോകത്തിന്റെ പരിപാലനത്തിനാണ് എന്നു വ്യക്തം. ഈ കർമജീവിതത്തിന്റെ പ്രതിഫലമാണ് സ്വർഗം. വിശ്വാസത്തോടൊപ്പം കർമത്തേയും ചേർത്തുകൊണ്ട് ഖുർആൻ ഈ യാഥാർഥ്യത്തെ നിരന്തരം പ്രഖ്യാപിക്കുന്നുണ്ട്. നാഗരികതക്കും സംസ്കാരത്തിനും ഉപകാരപ്പെടാത്ത അടച്ചിട്ട മുറിയിലെ ആത്മീയ ജാലവിദ്യകൾ, ഭൂമിയിൽ മനുഷ്യൻ നിർവ്വഹിക്കേണ്ട ദൗത്യത്തിന് ഉപകാരപ്പെടുന്നതല്ല.

ആത്മീയതയെ കേന്ദ്രീകരിച്ച് മനുഷ്യരെ മൂന്നായി തിരിക്കാം:

**പ്രവാചക മാതൃക അവഗണിക്കുന്നവർ**

പ്രവാചകൻ തൗഹീദിന്റെ പ്രബോധകനാണ്. തൗഹീദെന്നാൽ ജീവിതമാകമാനം ദൈവ കേന്ദ്രീകൃതമാക്കിത്തീർക്കുന്ന ദർശനം എന്നർഥം. പ്രവാചകന്റെ ദർശനം സ്വീകരിക്കുന്നവർ പരലോക മോക്ഷത്തെ ലക്ഷ്യം വെക്കുന്നു. പ്രവാചകന്റെ വഴി അവഗണിക്കുക എന്നാൽ തൗഹീദിനെയും പരലോകത്തെയും അവഗണിക്കുക എന്നാണ്. അഥവാ ജീവിതത്തിൽ ദൈവ നിശ്ചിതമായ ഒരു മാതൃക ആവശ്യമില്ല എന്ന് പ്രഖ്യാപിക്കുകയാണ്. പിന്നെ ശേഷിക്കുന്നത് കുഫ്റിന്റെയും ശിർക്കിന്റെയും ദർശനമാണ്. കുഫ്ർ, ദൈവനിഷേധം എന്ന അർഥത്തിൽ ജീവിതത്തെയും മനുഷ്യനെയും സ്വയം നിർണയിക്കാനും നിർവചിക്കാനും ശ്രമിക്കുന്നു.തൗഹീദിന്റെ ദർശനത്തിൽ ദൈവം മനുഷ്യനെ നിർണയിക്കുന്നു. ശിർക്കിൽ മനുഷ്യൻ ദൈവത്തെ നിർണയിക്കുന്നു. ശിർക്കിൽ പരലോകമുണ്ടാകാമെങ്കിലും അതും മനുഷ്യൻ നിർണയിക്കുന്ന പരലോകമാണ്. കർമങ്ങളുടെ കണക്കു നോക്കുന്ന കണിശത അവിടെ ഉണ്ടാവില്ല. മുശ്രിക്കിന്റെ വ്യാമോഹത്തിന് നിറം പകരുന്ന ഒരാഡംബര വേദിയാണത്. ഒരു മുശ്രിക്കിന്റെ അവകാശവാദം ഖുർആൻ ഉദ്ധരിക്കുന്നു: 'ഇനി ഞാൻ എന്റെ റബ്ബിങ്കലേക്ക് മടക്കപ്പെട്ടാലോ, ഇതിനേക്കാൾ ഉത്തമമായ ഒരു വാസസ്ഥലം എനിക്ക് ലഭിക്കുക തന്നെ ചെയ്യും'(18:36). സ്വാഭാവികമായും ശിർക്കും കുഫ്റും ഭൗതിക ജീവിതത്തെ ഏതാണ്ട് ഒരേ കണ്ണിലൂടെയാണ് നോക്കിക്കാണുന്നത്. ശിർക്ക് എന്നാൽ ഭൗതികത നിർണയിക്കുന്ന ആത്മീയതയും , ഇഹലോകം നിർണയിക്കുന്ന പരലോകവുമാണ്. കുഫ്ർ എന്നാൽ ഭൗതികത തന്നെ നിർണ്ണയിക്കുന്ന ഭൗതികതയാണ്. ഇവിടെ മനുഷ്യസത്തയുടെ അഥവാ ആത്മാവിന്റെ ആഭിമുഖ്യങ്ങളും ആവശ്യങ്ങളും തിരിച്ചറിയുന്നതിൽ മനുഷ്യൻ പരാജയപ്പെടുന്നു. തനിക്ക് പിടികിട്ടാത്ത ആത്മാവിനെ പരിപാലിക്കുന്നതിൽ മനുഷ്യൻ അശക്തനാവുന്നു. വൈരുധ്യങ്ങളും താളഭംഗങ്ങളും ഉടലെടുത്ത് ജീവിതം താറുമാറാകുന്നു. 'അല്ലാഹുവിൽ പങ്കുചേർക്കുന്നവൻ ആകാശത്തുനിന്നുവീണവനെപ്പോലെയാണ്. പക്ഷികൾ അവനെ റാഞ്ചിയെടുത്തേക്കാം. അല്ലെങ്കിൽ കാറ്റ് അവനെ ഏതെങ്കിലും വിദൂര പ്രദേശത്തേക്ക് കൊണ്ടുപോയി തള്ളിയേക്കാം(22:31), ദൈവനിഷേധികൾ അയഥാർഥമായ മരുപ്പച്ചകൾക്കുപിന്നാലെയോടി ജീവിതം തുലക്കുകയാണു ചെയ്യുന്നത്(24:39) എന്നെല്ലാം ഖുർആൻ വ്യക്തമാക്കുന്നു. കുഫ്റിൽ മനുഷ്യൻ ഒരു ജന്തുവിലേക്ക് ന്യൂനീകരിക്കപ്പെടുന്നു(47:12, 7:179). പ്രവാചക വേദാധ്യാപനങ്ങളാൽ സംസ്കൃതമായ ആത്മാവില്ലാത്ത മനുഷ്യർ കെട്ടിപ്പടുക്കുന്ന സംസ്കാരവും നാഗരികതയും സംഹാരാത്മകമാവും. ഈയൊരു ദുരന്തമാണ് ഇന്ന് ലോകം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം.

**ആത്മീയ തീവ്രവാദികൾ**

ബ്രഹ്മചര്യമായും സന്യാസമായും സൂഫിസമായും ഒക്കെ

ആവിഷ്കരിക്കപ്പെടുന്ന ഒരു പ്രതിഭാസമാണിത്. ആദ്യം പറഞ്ഞ തീവ്രവാദത്തിന്റെ മറു തീവ്രവാദം. കുഫ്റിൽ മനുഷ്യൻ ജന്തുവാക്കപ്പെടുന്നു. ഇവിടെ മനുഷ്യനെ മാലാഖയാക്കാനുള്ള വൃഥാ ശ്രമമാണ് നടക്കുന്നത്. ഇതിന്നും പ്രവാചക അധ്യാപനങ്ങളുമായി ബന്ധമില്ല. മനുഷ്യൻ എന്ന സമഗ്ര സത്തയെ ആത്മാവ് എന്നതിലേക്ക് ന്യൂനീകരിക്കുന്നു. മനുഷ്യ അസ്തിത്വത്തിന്റെ യഥാർഥ നിയോഗ ലക്ഷ്യമായ ഭൂമിയുടെ പരിപാലനവും, സംസ്കാര നാഗരികതകളുടെ നിർമാണവും അവഗണിച്ച് വ്യക്തിപരമായ ആത്മീയ സായൂജ്യത്തെ മാത്രം ലക്ഷ്യം വെക്കുന്ന സ്വാർഥതയുടെ ദർശനം. അല്ലാഹു മനുഷ്യനേകിയ ഖിലാഫത്ത് എന്ന അടിസ്ഥാന യോഗ്യതയെയാണ് സന്യാസം ചോദ്യം ചെയ്യുന്നത്. ലോകം ഒരു ശവക്കോട്ടയാണെന്നും അതിൽ ചുറ്റിത്തിരിയുന്നവർ നായ്ക്കളാണെന്നും അത് വിശ്വസിക്കുന്നു. ദൈവപ്രീതിക്കെന്ന പേരിൽ പിൽക്കാലത്ത് ഈസാ നബിയുടെ ചില വഴിതെറ്റിയ അനുയായികൾ ആവിഷ്കരിച്ച സന്യാസത്തെക്കുറിച്ച് ഖുർആൻ സൂചിപ്പിക്കുന്നുണ്ട് (57:27). *തഫ്ഹീമുൽ ഖുർആനിൽ* അതേക്കുറിച്ച വിശദമായ വിവരണങ്ങൾ കാണാം. ചില ഭാഗങ്ങൾ കാണുക. "ഈ സന്യാസ ബിദ്അത്തിന്റെ ഏതാനും ചില പ്രത്യേകതകൾ ചുരുക്കി പറയാം: കർക്കശമായ അനുഷ്ഠാനങ്ങളിലൂടെ പുതിയ പുതിയ രീതികളിലൂടെ സ്വദേഹത്തെ പീഡിപ്പിക്കുക.....

അലക്സാണ്ട്രിയയിലെ സെന്റ് മക്കാരിയോസ് സദാ തന്റെ ശരീരത്തിൽ എൺപത് പൗണ്ട് ഭാരം ചുമന്നിരുന്നു. ആറുമാസക്കാലത്തോളം അദ്ദേഹം ഒരു ചതുപ്പു നിലത്താണ് അന്തിയുറങ്ങിയത്. വിഷ പ്രാണികൾ അദ്ദേഹത്തിന്റെ നഗ്ന ശരീരത്തിൽ കടിച്ചിരുന്നു...... സെന്റ് സാബിയൂസ് മാസം മുഴുവൻ വെള്ളത്തിലിട്ട് കുതിർത്ത് ദുർഗന്ധം വമിക്കുന്ന ചോളം മാത്രമായിരുന്നു ആഹരിച്ചിരുന്നത്. .... ഒരു പുണ്യവാളൻ പ്രസിദ്ധനായത് 40 വർഷം മൗനവ്രതമനുഷ്ഠിച്ചതിന്റെ പേരിലാണ്. അദ്ദേഹം മിണ്ടുന്നത് കണ്ടിട്ടേയില്ല...... ഇനിയൊരാൾ വനത്തിൽ ഇലയും പുല്ലും തിന്ന് അലഞ്ഞു കഴിഞ്ഞുകൂടി....

ചില മഹാന്മാർ സ്വന്തം കൈകാലുകൾ ചങ്ങലകളിൽ ബന്ധിച്ചു. ചില പുണ്യവാളന്മാർ കാലിത്തൊഴുത്തിലോ പൊട്ടക്കിണറുകളിലോ പഴയ കല്ലറകളിലോ പാർത്തു......
സദാ അഴുക്കിൽ കുളിച്ചു നടക്കുക ഇതിന്റെ മറ്റൊരു സവിശേഷതയായിരുന്നു. ശുചിത്വത്തിൽ നിന്ന് അവർ സൂക്ഷ്മതയോടെ അകന്നു നിന്നു..... ശരീരത്തിന്റെ ശുചിത്വത്തെ അവർ ആത്മാവിന്റെ മാലിന്യമായി കരുതി....."

മനുഷ്യപ്രകൃതിയോട് യുദ്ധം ചെയ്യുന്ന ഈ തീവ്രവാദം മാനവതക്ക് ഏൽപിച്ച പരുക്ക് ഗുരുതരമാണ്. മതതത്ത്വങ്ങളെക്കുറിച്ച്, അറിവുണ്ടായിരുന്ന മഹാവ്യക്തിത്വങ്ങൾ അതിനനുരൂപമായി ലോകത്തെ രൂപപ്പെടുത്താൻ ശ്രമിക്കാതെ മാറിനിന്നതിന്റെ ഫലമായി, ലോകം ആദ്യം പറഞ്ഞ ഭൗതികാസക്തന്മാരുടെ കൈയിലകപ്പെട്ടു എന്നതാണ് ഏറെ ഗുരുതരം. സന്യാസികൾ പ്രതിനിധാനം ചെയ്യുന്ന ഭൗതിക വിരക്തിയിലും ആത്മപീഡയിലും ഊന്നിയ ദർശനമാണ് മതം അവതരിപ്പിക്കുന്നത് എന്ന് തെറ്റിദ്ധരിച്ച വലിയൊരു വിഭാഗം മതമൂല്യങ്ങളെ സമ്പൂർണമായി കൈവെടിഞ്ഞ് ഭൗതികാസക്തിയുടെ നാശഗർത്തത്തിൽ ആപതിച്ചു.

### പ്രവാചകരെ അനുഗമിച്ചവർ

ദൈവിക ഖിലാഫത്തിനെ ഭൂമിയിലെ തങ്ങളുടെ ദൗത്യമായി അംഗീകരിക്കുന്നവരാണവർ. ദൈവിക മാർഗദർശനം സ്വീകരിച്ച് ആത്മ ശുദ്ധി വരുത്തി വിശുദ്ധകർമം ചെയ്ത് നല്ല നാഗരികതയും സംസ്കാരവും കെട്ടിപ്പടുക്കാൻ യത്നിക്കുന്നു. കർമങ്ങളുടെ കണക്കു നോക്കുന്ന, തെറ്റും ശരിയും കണിശമായി വിലയിരുത്തപ്പെടുന്ന പരലോകത്തിൽ വിശ്വസിക്കുന്നു. ദൈവത്തിന്റെ ഭൂമിയിൽ ദൈവത്തിന്റെ മാർഗദർശന വ്യവസ്ഥ നിലനിൽക്കണമെന്ന് ആഗ്രഹിക്കുന്നു. ആരാധനാലയത്തിൽ ആത്മീയ സായൂജ്യം നേടി സമരപാതയിൽ വിമോചന ചരിത്രം രചിക്കാൻ അഭിലഷിക്കുന്നു.

അതീത ലോകവുമായി നേർബന്ധമുള്ള ശ്രേഷ്ഠ മനുഷ്യരാണ് പ്രവാചകന്മാർ. അജ്ഞതയുടെയും തിന്മയുടെയും അട്ടിപ്പേറുകളിൽ മാനവത നിശ്ചലമാവുമ്പോൾ, അതിന്റെ ചലനം വീണ്ടെടുത്ത് മനുഷ്യ പ്രവാഹത്തെ മുന്നോട്ടു നയിക്കാനാണ് പ്രവാചകന്മാർ വരുന്നത്. മനുഷ്യനെ ജന്തുവിലേക്ക് ന്യൂനീകരിച്ച് മാനവിക മൂല്യങ്ങളെ ചവിട്ടി മെതിക്കുന്ന ശിർക്കു കുഫ്റുകളോടും മനുഷ്യനെ മണ്ണിൽനിന്ന് അടർത്തിമാറ്റി അന്തരീക്ഷത്തിലെറിയാൻ ശ്രമിക്കുന്ന സന്യാസത്തോടും പ്രവാചകന്മാർ ഏറ്റുമുട്ടുന്നു. ആകാശത്തുനിന്ന് ഊർജവും പ്രചോദനവും സ്വീകരിച്ച്, ഭൂമിയിൽ കാലുറപ്പിച്ച് പണിയെടുക്കുന്ന, മജ്ജയും മാംസവും വിചാരവും വികാരവുമുള്ള പച്ച മനുഷ്യരുടെ ലോകം കെട്ടിപ്പടുക്കാനാണ് പ്രവാചകന്മാർ യത്നിക്കുന്നത്. വിചാരശീലർ ഈ പ്രവാചക മാതൃക പുണർന്ന് തങ്ങളുടെ ഇഹപര വിജയം ഉറപ്പുവരുത്തുന്നു. അനുഗൃഹീതരുടെ ഈ പാതയിലേക്ക് മുന്നേറാനാണ് മനുഷ്യൻ അഭിലഷിക്കേണ്ടത് (1:6,7; 4:69). പ്രവാചകന്മാരെ വിശ്വസിച്ച് പിന്തുടരുന്നവരുടെ രക്ഷാധികാരം പ്രപഞ്ച നാഥൻ ഏറ്റെടുക്കുകയും, ഇരുളുകളിൽനിന്നവരെ വെളിച്ചത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുകയും ചെയ്യും (2: 257). ■